വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി

(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഇക്കാര്യം ആലോചനയിൽ ഇരിക്കയാണു്.

നേഴ്സിംഗ് ട്രെയിനിംഗ് സ്കീം

†*൨൯൨. (൪൭) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

ഫൈനൽ–ൽ നേഴ്സിംഗ് ട്രെയിനിംഗ് സ്കൂളിൽ എത്രപേർക്കു് ട്രെയിനിംഗ് കൊടുത്തിട്ടുണ്ടു്; എത്ര അപേക്ഷകൻമാരുണ്ടായിരുന്നു?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി

(ശ്രീ. എ. ജെ. ജോൺ): ഫൈനൽ–നേഴ്സിംഗ് ട്രെയിനിംഗ് സ്കൂളിൽ ൪൭ പേർക്കു് ട്രെയിനിംഗ് കൊടുത്തിട്ടുണ്ടു്. ൭൯ അപേക്ഷകരുണ്ടായിരുന്നു.

ഭൂനികുതി സമീകരണം

† ൨൯൩. (൪൮) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

ഭൂനികുതി സമീകരണ കാര്യത്തിൽ ഗവണ്മെണ്ടു് എന്തു നടപടി എടുത്തു; എത്ര നാൾക്കകം അതു പ്രയോഗത്തിൽ വരും?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി

(ശ്രീ. എ. ജെ. ജോൺ): ലാൻഡ് കമ്മിറ്റിയോടു് അഭിപ്രായം ചോദിച്ചിട്ടുള്ള സംഗതികളിൽ ഇതും ഉൾപ്പെട്ടതുണ്ടു്. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഈ സംഗതിയിൽ വേണ്ട തീർച്ചചെയ്യുന്നതാണു്.

മാർക്കറ്റു്

*൨൯൪. (൪൯) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പത്തനംതിട്ട താലൂക്കിൽ റാന്നിപകുതിയിൽ അങ്ങാടിമുറിയിൽ അനുവദിച്ചിട്ടുള്ള പബ്ലിക്കു് മാർക്കറ്റിന്റെ ഉൽഘാടനം നടക്കാൻ താമസം നേരിട്ടതിൽ ഉള്ള പ്രയാസങ്ങൾ മൻനിത്തിയുള്ള പരാതി ഹർജികൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഹർജികളിൽ എന്തു നടപടികൾ എടുത്തു?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

---

† Vide foot-note to question 46.

LIBRARY ARCHIVES Kerala Legislative Assembly